# നാം നമ്മെ തന്നെ പരിശോധിക്കുക

**എം. എം. അക്ബർ**

ദൈവാനുഗ്രഹത്തിനു വിധേയരായ ദൂതന്മാ രെക്കുറിച്ച് പരാമർശിക്കവെ ഖുർആൻ പറഞ്ഞു:

''അല്ലാഹു അനുഗ്രഹം നൽകിയിട്ടുള്ള പ്രവാചകന്മാരത്രെ അവർ. ആദമിൻെറ സന്തതികളിൽ പെട്ടവരും നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരിൽ പെട്ടവരും, ഇബ്റാഹീമിൻെറയും ഇസ്റാഈലിൻെറയും സന്തതികളിൽപെട്ടവരും, നാം നേർവഴിയിലാക്കുകയും പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരുമത്രെ അവർ. പരമകാരുണികൻെറ തെളിവുകൾ അവർക്ക് വായിച്ചുകേൾപിക്കപ്പെടുന്നപക്ഷം പ്രണമിക്കുന്നവരും, കരയുന്നവരുമായിക്കൊണ്ട് അവർ താഴെ വീഴുന്നതാണ്'' (19:58).

സത്യവിശ്വാസികളായ വേദപണ്ഡിതന്മാരെക്കുറിച്ച് ഖുർആൻ പറഞ്ഞത് ദൈവികവചനങ്ങൾ ശ്രവിക്കുമ്പോൾ കണ്ണുനീരൊഴുക്കുന്നവരായിരുന്നു അവരെന്നാണ്: ''റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിൻെറ ഫലമായി അവരുടെ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: 'ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ'' (5:83).

ദൈവഭയം വിശ്വാസിയുടെ അടിസ്ഥാന സ്വഭാവങ്ങളിലൊന്നാണ്. ആകാശഗോളങ്ങളെയും പ്രകൃതിപ്രതിഭാസങ്ങളെയും വ്യാജദൈവങ്ങളെയും സിദ്ധന്മാരെയുമെല്ലാം ഭയപ്പെടുന്ന മനുഷ്യനെ അവയിൽനിന്നെല്ലാം മുക്തമാക്കി സ്രഷ്ടാവും സംരക്ഷകനും സകല വസ്തുക്കളെയും നിയന്ത്രിക്കുന്നവനുമായ അല്ലാഹുവിനെ മാത്രം ഭയപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുകയാണ് ഇസ്ലാം ചെയ്യുന്നത്. ''അല്ലാഹു അരുളിയിരിക്കുന്നു: രണ്ട് ദൈവങ്ങളെ നിങ്ങൾ സ്വീകരിക്കരുത്. അവൻ ഒരേയൊരു ദൈവം മാത്രമെയുള്ളൂ. അതിനാൽ (ഏകദൈവമായ) എന്നെ മാത്രം നിങ്ങൾ ഭയപ്പെടുവിൻ'' (16:51).

യഥാർഥ വിശ്വാസികളെക്കുറിച്ച പരാമർശങ്ങളിൽ അല്ലാഹുവിനെക്കുറിച്ച് സ്മരിക്കുമ്പോൾ ഹൃദയം പ്രകമ്പിതരാവുന്നവരാണ് അവരെന്ന് ഖുർആൻ പ്രത്യേകം സൂചിപ്പിക്കുന്നത് കാണാം:

''അല്ലാഹുവിനെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവൻെറ ദൃഷ്ടാന്തങ്ങൾ വായിച്ച് കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിൻെറ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ'' (8:2).

''തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങുന്നവരും, തങ്ങളുടെ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടുകൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നന്മകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും'' (23:57-61).

''അല്ലാഹുവെപ്പറ്റി പരാമർശിക്കപ്പെട്ടാൽ ഹൃദയങ്ങൾ കിടിലംകൊള്ളുന്നവരും തങ്ങളെ ബാധിച്ച ആപത്തിനെ ക്ഷമാപൂർവം തരണം ചെയ്യുന്നവരും, നമസ്കാരം മുറപോലെ നിർവഹിക്കുന്നവരും, ഞാൻ നൽകിയിട്ടുള്ളതിൽനിന്ന് ചെലവ് ചെയ്യുന്നവരുമത്രെ അവർ'' (22:35).

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച അബൂഹുറയ്‌റ(റ) നിവേദനം ചെയ്‌ത ഒരു ഹദീഥിൽ, അന്ത്യനാളിൽ ദൈവിക സിംഹാസനത്തിൻെറ തണൽ ലഭിക്കുന്ന ഏഴുപേരെക്കുറിച്ച് പറയുന്നുണ്ട്. അതിൽ ഒരാൾ ഏകാന്തതയിൽ അല്ലാഹുവിനെ ഓർത്ത് കരഞ്ഞവനാണ്. പ്രവാചകൻെറ നമസ്‌കാരത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ അബ്‌ദുല്ലാഹിബ്‌നു ശിഖ്‌ഖിർ(റ) വറവുചട്ടിയിലെ എണ്ണപോലെ അദ്ദേഹത്തിൻെറ നെഞ്ചിൽനിന്ന് ഒരു പ്രത്യേക സ്വരം കേട്ടിരുന്നതായി നിവേദനം ചെയ്യുന്നത് റിയാദുസ്സ്വാലിഹീനിൽ കാണാം.

അബ്‌ദുല്ലാഹിബ്‌നു മസ്‌ഊദി(റ)ൽ നിന്ന് ഖുർആൻ ശ്രവിച്ചുകൊണ്ടിരുന്നപ്പോൾ സൂറത്തുന്നിസാഇലെ 41-ാം സൂക്തമെത്തിയപ്പോൾ പ്രവാചകൻെറ മുഖം വിവർണമായതും കണ്ണുനീർ ധാരധാരയായി ഒഴുകിയതുമായ സംഭവവും റിയാദുസ്സ്വാലിഹീനിൽ തന്നെയുണ്ട്. രക്ഷപ്രാപിക്കുവാനുള്ള മാർഗമേതാണെന്ന ആമിറുൽജുഹാനി(റ)യുടെ ചോദ്യത്തിന് നാവിനെ നിയന്ത്രിക്കുവാനും ഉള്ളതിൽ സംതൃപ്‌തനാകുവാനും കുറ്റങ്ങളിൽ കരഞ്ഞ് പശ്ചാത്തപിക്കുവാനും പ്രവാചകൻ(സ) പറഞ്ഞതായി തിർമിദിയിലെ ഒരു ഹദീഥിൽ കാണാം.

ഇനി നാമോരുത്തരും ചിന്തിക്കുക. അല്ലാഹുവിനെ ഓർത്ത് കരയാൻ നമുക്കാർക്കെങ്കിലും എപ്പോഴെങ്കിലും കഴിഞ്ഞിട്ടുണ്ടോ? നമസ്‌കരിക്കുമ്പോൾ, ഖുർആൻ പാരായണം ചെയ്യുമ്പോൾ, പ്രാർഥിക്കുമ്പോൾ, പശ്ചാത്തപിക്കുമ്പോൾ അല്ലാഹുവിൻെറ കാരുണ്യത്തെയും ശിക്ഷയെയും കുറിച്ചോർത്ത് മനസ്സിൽനിന്ന് പൊന്തിവരുന്ന കരച്ചിൽ നമ്മിൽനിന്ന് എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ, നമ്മുടെയെല്ലാം വിശ്വാസം പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതുണ്ടെന്നല്ലേ അതിന്നർഥം? അലി(റ)യുടെ പ്രസിദ്ധമായ വചനം ഓർക്കുക: ''നാം സ്വയം അളന്നുനോക്കുക; നമ്മുടെ കർമങ്ങൾ അളക്കപ്പെടുന്നതിന് മുമ്പ്''.